# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 553** | **27-03-2018 ൽ മറുപടിയ്ക്ക്**

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. രാജൻ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീ. കെ.ടി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |
| (എ) ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1 ഹൈസ്കൂൾ/ഹയർ സെക്കൻററി സ്കൂളുകളിൽ സംസ്ഥാനത്തുടനീളമായി 51 ഹൈടെക് സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു.<br>2 എം.എസ്.ഡി.പി പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിലായി സ്കൂൾ ബിൽഡിംഗുകൾ, അധിക ക്ലാസ് മുറികൾ, ലാബുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു<br>വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ച് താഴെ പറയുന്ന സ്കോളർഷിപ്പ് സ്കീമുകളും നടപ്പാക്കുന്നുണ്ട്.<br>1) പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്<br>2) സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ്<br>3) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി<br>4) സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>5) ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം<br>6) സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം<br>7) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്. |

| | |
|---|---|
| (ബി) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) ന്യൂനപക്ഷ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് പി.എസ്.സി, യു.പി.എസ്.സി , ബാങ്കിംഗ് തുടങ്ങിയ മേഖലകൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായി സംസ്ഥാനത്തുടനീളം 17 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും, 23 ഉപ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട് |
| (സി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭവന രഹിതരായ വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് വീട് നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) ഉണ്ട്. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെൻറ് സ്ഥലം ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം, അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് പദ്ധതിയിൽ മുൻഗണന നൽകും. ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/- രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 1200 സ്ക്വ.ഫീറ്റ് വരെയുള്ള വീടുകൾക്കാണ് ഈ തുക ലഭിക്കുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ